(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി4/790/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്

ഫോൺ: 04952371012

Email- dokkd.ksad@kerala.gov.in

തീയതി:17.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിന്റെ ഭാഗം ഒന്നിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും

ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി4/790/2020 തീയതി:17.09.2020

**കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.2.2019 മുതൽ 31.3.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ. എം. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.7.2020 മുതൽ<br>29.7.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. കെ. എം. ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ ) |
| ശ്രീ. ഇ. വി. ഹരി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ആർ. കെ. ദിശ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. എൻ. രാജീവൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ. കെ. വി. അനൂപ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. പ്രകാശൻ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ. ദീപുരാജ്ജ | 1.4.2018 മുതൽ 8.8.2018 വരെ |
| | ശ്രീ. പി. ജി. സുനിൽ കുമാർ | 9.8.2018 മുതൽ 19.3.2019 വരെ |
| | ശ്രീ. കെ.ഹരിഹരൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ് ) | 20.3.2019 മുതൽ 31.3.2019 വരെ |

**നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുന്ദരരാജൻ.കെ | 1.4.2018 മുതൽ 8.8.2018 വരെ |
| | ശ്രീ. കെ. ഹരിഹരൻ | 9.8.2018 മുതൽ 14.10.2018 വരെ |
| | ശ്രീ. ഗോകുൽദാസ് | 15.10.2018 മുതൽ 24.10.2018 വരെ |
| | ശ്രീ. കെ. ഹരിഹരൻ | 25.10.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. കെ. ഷബീല | 1.4.2018 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.കെ.ബേബി പ്രീത | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സി.കെ.നിഷ | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബിന്ദു. കെ | 1.4.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അമൂല്യ പി. എൻ | 1.4.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ദ്രുപക്ക് | 1.4.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഭാസ്കരൻ. എം | 1.4.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ | ശ്രീ.രാജേഷ്. പി | 1.4.2018 മുതൽ 31.3.2019 വരെ |
| | ശ്രീ.അരുൺ. ഇ | 1.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്മിത. കെ | 1.4.2018 മുതൽ 31.3.2019 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.ബാബു.എം | 1.4.2018 മുതൽ 31.3.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ബിന്ദു.എൻ. | 1.4.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| ഭാഗം-1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | സാമ്പത്തിക വിശകലനം |
| 1-3 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) |
| 1-4 | പദ്ധതി അവലോകനം. |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | ആഭ്യന്തരനിയന്ത്രണം |
| 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-8 | വാർഷിക കണക്കിലെ അപാകതകൾ. |
| 1-9 | സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് ഉറപ്പു വരുത്തുന്നില്ല |
| 1-10 | വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 1-11 | റോഡ് കട്ടിംഗ് - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 1-12 | വിവിധ അങ്കണവാടികളിൽ വയോജന സൗഹൃദകേന്ദ്രങ്ങൾ സ്ഥാപിക്കൽ -സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി |
| 1-13 | വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയില്ല |

| | |
|---|---|
| 1-14 | ഒരേ പേരിൽ രണ്ട് റോഡ് പ്രവൃത്തികൾ - അളവ് പുസ്തകത്തിൽ ചെയിനേജ് രേഖപ്പെടുത്തിയില്ല |
| 1-15 | കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം |
| 1-16 | ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം ചെറുകിട – പരമ്പരാഗത മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല. |
| 1-17 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല. |
| 1-18 | സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചല്ല |
| 1-19 | വിവിധ പദ്ധതികൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 1-20 | വയോജനങ്ങൾക്ക് ആശ്വാസമഞ്ചം (എസ്.സി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 1-21 | തുറസ്സായ കിണർ ശുചിത്വ കിണറാക്കിമാറ്റൽ(എസ്.സി) - ഗുണഭോക്താവിന് അർഹമായ ആനുകൂല്യം നൽകിയില്ല |
| 1-22 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ |

**ഭാഗം–2**

**വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

<table>
<tr><td></td><td>ഇല്ല</td></tr>
<tr><td colspan="2">ഭാഗം- 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</td></tr>
<tr><td></td><td>ഇല്ല</td></tr>
<tr><td colspan="2">ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</td></tr>
<tr><td>4-1</td><td>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</td></tr>
<tr><td>4-2</td><td>സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</td></tr>
<tr><td>4-3</td><td>നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</td></tr>
<tr><td>4-4</td><td>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</td></tr>
<tr><td>4-5</td><td>വായ്പ/ വായ്പ തിരിച്ചടവ്</td></tr>
<tr><td>4-6</td><td>സ്ഥിരനിക്ഷേപങ്ങൾ</td></tr>
<tr><td>4-7</td><td>ഓഡിറ്റ് റിക്കവറി</td></tr>
<tr><td>4-8</td><td>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</td></tr>
<tr><td>4-9</td><td>ചാർജ്/സർചാർജ് നടപടികളുടെ വിവരം</td></tr>
<tr><td>4-10</td><td>ഓഡിറ്റ് പ്രത്യവലോകനം</td></tr>
<tr><td>4-11</td><td>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</td></tr>
<tr><td>അനുബന്ധം</td><td>ഓഡിറ്റ് സർട്ടിഫിക്കറ്റ്.</td></tr>
</table>

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 27.2.2019 തീയതിയിലെ 1/2019 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 92,22,678 |
| വരവ് | 7,52,14,215 |
| ആകെ | 8,44,36,893 |
| ചെലവ് | 6,94,57,552 |
| നീക്കിയിരിപ്പ് | 1,49,79,341 |

## 1-3 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 16358972 | 16358972 | 14960079 | 1398893 |
| വികസനഫണ്ട് എസ്.സി.പി. | - | 4270666 | 4270666 | 4231522 | 39144 |
| വികസനഫണ്ട് ടി.എസ്.പി. | - | 37334 | 37334 | 37334 | - |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | - | 2178000 | 2178000 | 2114849 | 63151 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3394000 | 3394000 | 2272091 | 1121909 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7600000 | 7600000 | 7339888 | 260112 |
| കെ.എൽ.ജി. എസ്.ഡി.പി | - | - | - | - | - |
| MNREGS – തൊഴിലാളികളുടെ കൂലി | - | 21127000 | 21127000 | 21127000 | - |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4695 | 293000 | 297695 | 268282 | 29413 |
| ബി. ഫണ്ട് | - | 13618940 | 13618940 | 13618940 | - |
| നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി | | | | | |

**കുറിപ്പ്** – MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 209 | 9,02,42,040 | 119 | 5,07,33,252 | 12 | 78 | 63 |

## 1-5 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും സ്യൂട്ട് രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് ചേരുന്നുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.2.2019മുതൽ 19.2.2019 വരെ | ജനവരി 2019 | PAU 1/10/2018 തീയതി 19.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 | 2005-06മുതൽ 2009-10 വരെ | LBA HQ 111/II 8A 1561/22 തീയതി.17.5.2010 |

## 1-8 വാർഷിക കണക്കിലെ അപാകതകൾ.

തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് സാക്ഷ്യപത്രത്തിൽ പരാമർശിച്ചവയിൽ പരിഹരിക്കാതെ അവശേഷിക്കുന്നവയും കൂടാതെ ഓഡിറ്റ് സമയത്ത് കണ്ടെത്തിയവയുമായ താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ അടങ്ങിയ വർക്ക് ഷീറ്റ് ലഭ്യമല്ല.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി. 4 ൽ ഉൾപ്പെട്ട സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ ആകെ തുകയും (23,17,440), ഷെഡ്യൂൾ ബി.17 പ്രകാരമുള്ള തുകയും (26,29,840) തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
3. ഓഡിറ്റ് റിക്കവറി ഇനത്തിൽ വന്ന യഥാർത്ഥ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ 61,548 രൂപ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ ഈ ഇനത്തിൽ 839 രൂപ മാത്രമാണ് വരവായി കാണിച്ചത്.
4. MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി. 4 പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ 23,01,977 രൂപയുടെ ഇനം തിരിച്ചുള്ള വിശദ വിവരം ലഭ്യമല്ല.

## 1-9 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് ഉറപ്പ്

വരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 1730 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 116 |
| 200 ച മി വരെ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 02 |
| 200 ച മി മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 1 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 68 |
| ഇതര വ്യവസായത്തിനുള്ളത് | 23 |
| ആകെ | 1940 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1940 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 351 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/2018-19 തിയ്യതി 24.07.2020) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ പരിശോധന നടത്തി ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## **1-10** വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ 246 നമ്പറായി സ്ഥിതിചെയ്യുന്ന മൊബൈൽ ടവറിന്റെ നികുതി 2013-14 മുതൽ ഓഡിറ്റ് തിയ്യതി വരെയും ഈടാക്കിയിട്ടില്ല. ഓഡിറ്റ് തിയ്യതിയിൽ ഈ ഇനത്തിൽ 48,510/- രൂപ (2019-20 വാർഷിക കണക്ക്, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) കുടിശ്ശിക ആയിട്ടുണ്ട്. ഈ വിഷയത്തിൽ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി (പേരാമ്പ്ര) മുമ്പാകെ കേസ് (നം. ST No. 183/2018) നടന്നു വരുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/2018-19 തീയതി 24.07.2020) മറുപടി

ലഭ്യമാക്കിയിട്ടില്ല. കേസ് നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 റോഡ് കട്ടിംഗ് - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2018-19 വാർഷിക കണക്ക് പ്രകാരം RP4 - Fees and User Charges (140700101) എന്ന ശീർഷകത്തിൽ Restoration charges for road cutting ഇനത്തിൽ 1,26,649/- രൂപയുടെ വരവുണ്ട്. എന്നാൽ മേൽ വരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരവുകളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/2018-19 തിയ്യതി 24.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വിവിധ അംഗനവാടികളിൽ വയോജനസൌഹൃദകേന്ദ്രങ്ങൾ സ്ഥാപിക്കൽ -സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി

പ്രൊജക്ട് നം. - 187/2019 ( എസ്.ഒ. 144/2017)

അടങ്കൽ - 4,00,000

ചെലവ് - 4,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ബിൽ നമ്പർ - 11/18-19 തീ. 31.07.2018

കരാറുകാരൻ - ടി. വി. സുരേഷ്കുമാർ

അന്നശ്ശേരി, പറപ്പാറ, എടക്കര എന്നീ അങ്കണവാടികളിൽ വയോജന സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് 4,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. നിലവിലുള്ള അങ്കണവാടി കെട്ടിടത്തിനു മുകളിൽ ഷീറ്റ് നീട്ടിയിട്ട് ഇരിപ്പിടം സജ്ജീകരിക്കുന്നതിന് സ്റ്റീൽ ഫ്രെയിം, ഷീറ്റ് റൂഫിംഗ്, ഗ്രിൽ ഇടൽ, വാതിൽ സ്ഥാപിക്കൽ, ചുമർ പെയിന്റിംഗ് എന്നീ 5 ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യസ്ത അളവുകളിൽ 3 അങ്കണവാടികളിലും മേൽപ്പറഞ്ഞ 5 ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. പ്രവൃത്തി ടെണ്ടർ ചെയ്ത് 30.11.2017 ന് കരാറുകാരനുമായി എഗ്രിമെന്റിൽ ഒപ്പുവെച്ചു. പ്രവൃത്തി 2017-18 വർഷം നടപ്പിലാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടതു പ്രകാരം 08/02/2018 ലെ പഞ്ചായത്ത് തീരുമാന പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിലെ 2, 4 ഇനങ്ങൾ ഒഴിവാക്കി 15 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി 4,00,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി.

എടക്കര അങ്കണവാടിയിൽ നിലവിൽ ഷീറ്റ് ഇട്ടതാണെന്ന് പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു.

വിശദമായ സൈറ്റ് പരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപ്പറഞ്ഞവയിൽ നിന്ന് വ്യക്തമാണ്. സ്ഥലപരിശോധന നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയാണ്. (കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി./01.02.2012 ഖണ്ഡിക 1601.1.1 കാണുക) വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷം പ്രവൃത്തിയുടെ ഡിസൈൻ സ്പെസിഫിക്കേഷൻ തുടങ്ങിയവ പരിഗണിച്ചാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. സ്ഥലപരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 2017-18 വർഷം പ്രവൃത്തി നടപ്പിലാക്കിയില്ല. പ്രവൃത്തി സ്പിൽ ഓവറാക്കി നടപ്പിലാക്കിയെങ്കിലും 2017-18 ൽ വകയിരുത്തിയ തുക തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/2018-19 തീയതി 15.7.2020) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ താൽക്കാലികമായി നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിചയക്കുറവ് മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-13 വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയില്ല

പ്രവൃത്തിയുടെ പേര് - പുന്നശ്ശേരിമുക്ക് പൂളക്കുന്ന് റോഡ് ടാറിംഗ്

പ്രൊജക്ട് നം. - 102/2017-18 (സ്പിൽഓവർ)

അടങ്കൽ - 5,00,000

ചെലവ് - 4,98,900 (ചെക്ക് നം. 0753507/27/07/2018)

അളവ് പുസ്തകം - 22/2017-18 & 23/2017-18

കരാറുകാരൻ - ടി. വി. സുരേഷ്കുമാർ

ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ മേൽ റോഡിൽ വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിമൂലം തകർന്ന റോഡ് 289.7മീ. നീളത്തിലും (ശരാശരി 1.7 മീറ്റർ വീതിയിൽ) പുതുതായി 18 മീറ്റർ നീളത്തിലും (3 മീറ്റർ വീതിയിൽ) ടാർ ചെയ്തിട്ടുണ്ട്. എന്നാൽ റോഡ് കട്ടിംഗ് ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2018-19 ) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 ഒരേ പേരിൽ രണ്ട് റോഡ് പ്രവൃത്തികൾ - അളവ് പുസ്തകത്തിൽ ചെയിനേജ് രേഖപ്പെടുത്തിയില്ല

പുന്നശ്ശേരിമുക്ക് പൂളക്കുന്ന് റോഡ് ടാറിംഗ് എന്ന പേരിൽ തൻവർഷം രണ്ട് റോഡ് പ്രവത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ വിശദമായ എസ്റ്റിമേറ്റിലോ അളവുപുസ്തകത്തിലോ ചെയിനേജ് രേഖപ്പെടുത്തിയിയിട്ടില്ലാത്തതിനാൽ രണ്ട് പ്രവൃത്തികളുടെയും അളവുകൾ സംബന്ധിച്ച കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. രണ്ട് പ്രവൃത്തികളുടെയും വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1)പ്രവൃത്തിയുടെ പേര് – പുന്നശ്ശേരിമുക്ക് പൂളക്കുന്ന് റോഡ് ടാറിംഗ് (43 മീറ്റർ നീളം)

പ്രൊജക്ട് നമ്പർ – 214/2018-19 സ്പിൽ ഓവർ

എസ്റ്റിമേറ്റ് - 1,30,000 ( തനത് ഫണ്ട് )

ടി. എസ്. - 13.07.2018

ചെലവഴിച്ച തുക - 1,23,076

കരാറുകാരൻ - ടി. വി സുരേഷ്കുമാർ

2) പ്രവൃത്തിയുടെ പേര് – പുന്നശ്ശേരിമുക്ക് പൂളക്കുന്ന് റോഡ് ടാറിംഗ് ( 307 മീറ്റർ )

പ്രൊജക്ട് നമ്പർ - 175/2018-19 ( എസ്.ഒ )

എസ്റ്റിമേറ്റ് - 5,00,000 ( തനത് ഫണ്ട് )

ടി. എസ്. - 25.05.2017

ചെലവഴിച്ച തുക - 4,98,900

കരാറുകാരൻ - ടി. വി സുരേഷ്കുമാർ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/2018-19 തീയതി 15.7.2020) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ മേൽ പ്രവൃത്തികൾ ഒരേ റോഡിന്റെ രണ്ട് ഭാഗങ്ങളാണെന്നും ഇനി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലും എം.ബുക്കുകളിലും ചെയിനേജ് രേഖപ്പെടുത്തുമെന്നാണറിയിച്ചത്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-15 കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പി. ഡബ്ല്യൂ. ഡി ചീഫ് എഞ്ചിനീയറുടെ 19.09.2017 ലെ CE/Admn/PLA/EMP

/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട്, വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെ പുനർനിർണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ചില സ്പിൽ ഓവർ പ്രവൃത്തികളിൽ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണ്. ആയതിനാൽ കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. 1.10.2017 നു ശേഷം കരാർ ചമച്ച്, പ്രവർത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 39.22%നു പകരം 42.16% കോസ്റ്റ് ഇൻഡക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ പ്രോജക്ടുകളിൽ അധികതുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എഗ്രിമെന്റ് തിയ്യതി | ചെലവഴിച്ച തുക, ബിൽ നം. | കരാറുകാരന്റെ പേര് |
|---|---|---|---|
| വിവിധ അങ്കണവാടികളിൽ വയോജനങ്ങൾക്ക് സൗഹൃദ കേന്ദ്രം, 187/2019 (144/2018 so) | 30.11.2017 | 4,00,000 11/2018-19 തീ.31.07.2018, | ടി.വി.സുരേഷ്കുമാർ |
| ഗുരുദേവ വിലാസം കളത്തിൽതാഴം റോഡ് ടാറിംഗ് 26/2018-19(32/ 2017-18 so) | 12.02.2018 | 4,74,002 3/2018-19 തീ.19.06.2018 | പി. പെരവക്കുട്ടി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2018-19 തീയതി 15.7.2020) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ അവസാന പാദത്തിൽ വന്ന മാറ്റം പ്രകാരം മുഴവൻ എസ്റ്റിമേറ്റും റദ്ദ് ചെയ്ത് പുതിയത് തയ്യാറാക്കിയിരുന്നെങ്കിൽ പ്രവൃത്തികളൊന്നും തന്നെ 2018-19 സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ സാധിക്കാതെ വരുമായിരുന്നു എന്നാണറിയിച്ചത്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-16 ആവശ്യമായ മുന്നൊരുക്കം നടത്താത്തത് കാരണം

## ചെറുകിട – പരമ്പരാഗത മേഖലയിലെ സ്വയം തൊഴിൽ പദ്ധതികൾ നടപ്പായില്ല.

ഓഡിറ്റ് വർഷം വി. ഇ. ഒ, നിർവ്വഹണ ഉദ്യോഗസ്ഥനായി വിഭാവനം ചെയ്ത ചെറുകിട – പരമ്പരാഗത മേഖലയിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പായില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട്. നം | പദ്ധതിയുടെ പേര് | നിർവ്വഹണം | അടങ്കൽ |
|---|---|---|---|---|
| 1 | 87/19 | വനിതകൾക്ക് കാറ്ററിംഗ് യൂണിറ്റ് | വി. ഇ. ഒ | 5,15,000 |
| 2 | 92/19 | ജീവിതശൈലീ രോഗങ്ങളുടെ പരിശോധന | ടി | 1,40,000 |
| 3 | 199/19 | ശാരീരിക വൈകല്യം ബാധിച്ചവർക്ക് പെട്ടിക്കട | ടി | 90,000 |

ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ആവിഷ്കരിച്ച മേൽ പദ്ധതികൾ നടപ്പാക്കാത്തതു മൂലം തുക ലാപ്സായി. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഈ പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഈ ചുമതല നിറവേറ്റുന്നതിൽ ഗ്രാമ പഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/18-19/21.7.2020) നിർവ്വഹണ ഉദ്യോഗസ്ഥനായ വി. ഇ. ഒ നൽകിയ മറുപടിയിൽ ഗ്രൂപ്പുകൾക്ക് ബേങ്ക് ലോൺ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ കാരണമാണ് വനിതകൾക്ക് കാറ്ററിംഗ് യൂണിറ്റ്, ജീവിതശൈലീരോഗങ്ങളുടെ പരിശോധന എന്നീ പദ്ധതികൾ നടപ്പാകാതെ പോയതെന്നും ശാരീരിക വൈകല്യം ബാധിച്ചവർക്ക് പെട്ടിക്കട പദ്ധതി സമയബന്ധിതമായി പെട്ടിക്കടയുടെ പണി പൂർത്തിയാക്കാതിരുന്നതിനാലും നടപ്പാകാതെ പോകുകയാണുണ്ടായതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ്വയംതൊഴിൽ ചെയ്യുന്നതിൽ താല്പര്യവും അർഹതപ്പെട്ടതുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ പോരായ്മയും ബേങ്കുകളുമായി പദ്ധതിയുടെ രൂപീകരണ ഘട്ടത്തിൽ തന്നെ ആവശ്യമായ ചർച്ചകൾ നടത്തി നിബന്ധനകൾ നിശ്ചയിക്കാത്തതും

പരിശീലനത്തിന്റെ അഭാവവുമാണ് പദ്ധതികൾ നടപ്പാകാതെ പോയതിന് കാരണമെന്ന് കാണാൻ സാധിക്കും. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പദ്ധതികൾ നിർദ്ദേശിക്കുകയല്ലാതെ ഇത് വിജയിപ്പിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യമായ മുന്നൊരുക്കം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.

| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
|---|---|
| പ്രോജക്ട് നം. | 106/19 |
| അടങ്കൽ | 11,45,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 11,45,000 |
| ബിൽ നം. തി. | 2/19/22.6.2018 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ. ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ. (കൈ) നം.11/2018 ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.6 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം. 5/18-19/21.7.20) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ നൽകിയ മറുപടിയിൽ എസ്.എസ്.എ ഒരോ വർഷവും അവരുടെ ആന്വൽ വർക്ക് പ്ലാനിൽ അവരുടെ പ്രവർത്തനങ്ങൾ സൂചിപ്പിക്കാറുണ്ടെന്നും അതിനായുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമാണ് നൽകി വരുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആന്വൽ വർക്ക് പ്ലാനിലെ ഇനങ്ങൾ തീരുമാനിക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന് പങ്കുള്ളതായി കാണുന്നില്ല. മാത്രമല്ല ഇതിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടോ എന്നത് പരിശോധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി

ഫയലിൽ സൂക്ഷിച്ചതായും കാണുന്നില്ല. എസ്.എസ്.എ. പ്രോജക്ടുകളിൽ ഗ്രാമ പഞ്ചായത്തിന്റെ ഇടപെടൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 സാധനങ്ങളും സേവനങ്ങളും വാങ്ങിയത്-പ്രൊക്വർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചല്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണ്ണിച്ചറുകളും ഉൾപ്പെടയുള്ള വാങ്ങലുകൾ ജി.ഒ (പി) നം. 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു സമഗ്ര വീക്ഷണം ഉറപ്പ് വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത് . ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ( സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ നിയമം അനുശാസിക്കും വിധം വാർഷിക പദ്ധതിക്ക് DPC അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം DPC അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ് )
2. പ്രൊക്വർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ് )
3. പ്രൊക്വർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്വർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി

ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.

4. പ്രൊക്വർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നല്കി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്.
5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങളിൽ ഒന്നും പോലും വാങ്ങൽ പ്രക്രിയയിൽ സ്ഥാപനം പാലിച്ചിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ടു വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്വർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മാന്വലിന്റെ അന്ത:സത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് ചില പ്രൊജക്ടുകളുടെ കാര്യത്തിൽ താഴെ കൊടുത്ത അപാകതകൾക്കിടയാക്കി.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ ഉപകരണം/ സേവനം, എണ്ണം | നല്കിയ തുക | വാങ്ങിയ സ്ഥാപനം | അപാകത |
|---|---|---|---|---|---|---|
| 1 | അസി. സെക്രട്ടറി | 191/19 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (S. C) 65 എണ്ണം | 4,350/- | SIDCO | നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ഥ സ്ഥാപനങ്ങളിൽ നിന്ന് കട്ടിലുകൾ വാങ്ങിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| 2 | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 100/19 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) | 4,344/- | KADCO | |
| 3 | സെക്രട്ടറി | 237/19 | വി.ഇ.ഒ. ഓഫീസിലേക്ക് | 19,980/- | Anon Systems | CPRCS പോർട്ടൽ മുഖേന |

| | | | | | | |
|---|---|---|---|---|---|---|
| | | | പ്രിന്റർ വാങ്ങൽ | | and Services, kozhikode | വാങ്ങിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വിലക്കുറവ് പ്രയോജനപ്പെടുത്തിയില്ല. |
| 4 | സെക്രട്ടറി | 147/19 | വി.ഇ.ഒ. ഓഫീസിലേക്കും, ഐ.സി.ഡി.എസ് ഓഫീസിലേക്കും കമ്പ്യൂട്ടർ വാങ്ങൽ | 40,490/- | Bizare Power Solutions, Kozhikode | CPRCS മുഖേന വാങ്ങാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. |

സമാന സ്വഭാവമുള്ള സാധനങ്ങൾ വ്യത്യസ്ത ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതുൾപ്പടെയുള്ള അപാകതകൾ കാണുന്നു. പരമപ്രധാനമായ സുതാര്യതയും സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും തന്നെ പരിശോധിച്ചിട്ടില്ല എന്ന വീഴ്ചയും ഇവിടെ സംഭവിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ - സെൻട്രലൈസ്ഡ് പ്രൊക്വർമെന്റ് പോർട്ടലിലൂടെയല്ല ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്വർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017 ലെ ( എം. എസ് ) നം. 24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടക്രമങ്ങൾ കുറയ്ക്കുക, ഒന്നിച്ച വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമാകേ, ഇത് പ്രൊക്വർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കപ്പെടേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 13/18-19/23.07.2020 ) സെക്രട്ടറി സമർപ്പിച്ച

മറുപടിയിൽ വി. ഇ. ഒ ഓഫീസിലേക്കും, ഐ. സി. ഡി. എസ് ഓഫീസിലേക്കും ഓപ്പൺ ടെണ്ടർ മുഖേന കമ്പ്യൂട്ടർ വാങ്ങിയതിന്റെ കാരണം സി. പി. ആർ. സി. എസ് മുഖേന വാങ്ങുമ്പോഴുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വി. ഇ. ഒ ക്ക് ലൈഫ് ഭവന പദ്ധതിയുടെ ഡാറ്റ എൻട്രി ജോലികളും ഐ. സി. ഡി. എസ് സൂപ്പർവൈസർക്ക് ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, അനുപൂരക പോഷകാഹാരം എന്നിവയുമായി ബന്ധപ്പെട്ട ജോലികളും സമയ ബന്ധിതമായി തീർക്കാനുള്ളതുകൊണ്ടാണെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അന്തസ്സത്ത ഉൾക്കൊണ്ട്, ഗ്രാമ പഞ്ചായത്ത് ഫണ്ടിന് പരമാവധി ലാഭമുണ്ടാക്കാവുന്ന തരത്തിൽ വാങ്ങലുകൾ നടത്തുന്ന കാര്യത്തിൽ പർച്ചേസിംഗ് കമ്മിറ്റി ആവശ്യമായ ജാഗ്രത കാണിച്ചില്ലെന്നത് വ്യക്തമാണ്. അപാകതകൾ പരിഹരിക്കാനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## **1-19** വിവിധ പദ്ധതികൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട് എന്നാൽ രശീതി, പദ്ധതി പൂർത്തിയാക്കിയതിനുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി വർക്കർ, ഹെൽപ്പർ അധികവേതനം നൽകൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 231/19 |
| അടങ്കൽ | 6,13,200 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 6,13,200/- |
| ബിൽ നം. തി. | 16/19/20.12.2018 |

സർക്കാർ നിർദ്ദേശപ്രകാരം മേൽ തുക വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിനുള്ള കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ഐ. കെ. എം. ന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നം. | 10/19 |
| അടങ്കൽ | 76,098 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 76,098/- |
| ബിൽ നം. തി. | 3/19/12.06.2018 |

ഐ. കെ. എം. ന് നൽകുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം മേൽ സൂചിപ്പിച്ച പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 02/19 |
| അടങ്കൽ | 1,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 1,00,000/- |
| ബിൽ നം. തി. | 2/19/05.07.2018 |

മേൽ തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് ആശ്വാസമഞ്ചം (എസ്.സി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പ്രോജക്ട് നം. | 191/19 |
| അടങ്കൽ | 3,04,500 |
| ഫണ്ട് | വികസനം (S.C.P) |
| ചെലവ് | 2,91,450/- |
| ബിൽ നം. തി. | 11/19/14.1.2019 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ

വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ കട്ടിലുകളുടെ വാങ്ങൽ രീതി സംബന്ധിച്ച് പ്രത്യേകമായി പരാമർശിച്ചിട്ടില്ല. എന്നാൽ കട്ടിലുകൾ വാങ്ങിയിരിക്കുന്നത് ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ടാണ്. ടെണ്ടർ മുഖേന പൊതുമാർക്കറ്റിൽ നിന്ന് വാങ്ങിയിരുന്നെങ്കിൽ കുറഞ്ഞ വിലയ്ക്ക് കട്ടിലുകൾ കിട്ടുമായിരുന്നോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ, പർച്ചേസിംഗ് കമ്മിറ്റിയോ അന്വേഷിക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. സിഡ്കോയുമായി പർച്ചേസിംഗ് കമ്മിറ്റി നെഗോസിയേഷൻ നടത്തിയെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ച പരമാവധി വിലയായ 4,350/- രൂപയാണ് ഒരു കട്ടിലിന് നൽകിയിരിക്കുന്നത്.
2. സിഡ്കോയിൽ നിന്ന് 65 കട്ടിലുകൾ വാങ്ങിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ 63 കട്ടിലുകൾ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കിവരുന്ന രണ്ട് കട്ടിലുകൾ വിതരണം ചെയ്തത് സംബന്ധിച്ച് വ്യക്തതയില്ല. മാത്രമല്ല കട്ടിലുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. 65 കട്ടിലുകൾക്ക് 4,350/- രൂപ പ്രകാരം ആകെ ചെലവ് 2,82,750/- രൂപ മാത്രമായിരിക്കണം. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റിൽ 2,91,450/- രൂപ ചെലവഴിച്ചതായി കാണുന്നു. 8,700/- അധികം ചെലവഴിച്ചത് തിരിച്ചടക്കേണ്ടതാണ്.
4. ആനുകൂല്യം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീതി, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/18-19/21.7.2020) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവായ തുകയിൽ നിരാകരിച്ച 8700/- രൂപ കഴിച്ച് 2,82,750/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 ഉറസ്സായ കിണർ ശുചിത്വ കിണറാക്കിമാറ്റൽ (എസ്.സി) - ഗുണഭോക്താവിന് അർഹമായ ആനുകൂല്യം നൽകിയില്ല

| നിർവ്വഹണം | അസി. സെക്രട്ടറി |
|---|---|
| പ്രോജക്ട് നം. | 157/19 |

| | |
|---|---|
| അടങ്കൽ | 1,06,500 |
| ഫണ്ട് | വികസനം (s.c.p) |
| ചെലവ് | 26,625/- |
| ബിൽ നം. തി. | 13/19/21.2.2019 |

മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ 17 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു ഗുണഭോക്താവ് മാത്രമേ എഗ്രിമെന്റ് വെച്ച് പണി പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കളാരും തന്നെ എഗ്രിമെന്റ് വെച്ചിട്ടില്ല. രാജൻ, എടവനക്കുഴി കോളനി എന്ന ഗുണഭോക്താവാണ് പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരം പണിപൂർത്തീകരിച്ചത്. ഗ്രാമ പഞ്ചായത്തിലെ എഞ്ചിനിയർ നൽകിയ വാല്യേഷൻ റിപ്പോർട്ട് പ്രകാരം 37,058/- രൂപ ഗുണഭോക്താവിന് നൽകാമായിരുന്നു. എന്നാൽ നൽകിയത് 26,625/- രൂപ മാത്രമാണ്. സ. ഉ (കൈ) നം. 22/2018/തസ്വഭവ. തി. 14.2.18 ഖ-6-6 (4) പ്രകാരം ഈ പ്രവൃത്തിക്ക് പട്ടികജാതി ഗുണഭോക്താക്കൾക്ക് പ്രവൃത്തിയുടെ മുഴുവൻ തുകയും നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കാതെ 10,433/-രൂപ കുറവായാണ് ഗുണഭോക്താവിന് നൽകിയത്. പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താവിന് അർഹതപ്പെട്ട മുഴുവൻ തുകയും നൽകാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/18-19/21.7.2020) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറി നൽകിയ മറുപടിയിൽ ഭരണ സമിതിയുടെ 01.02.2019 ലെ മീറ്റിങ്ങിൽ 6ാം നമ്പർ തീരുമാന പ്രകാരം അടങ്കൽ തുക തുല്ല്യമായി നാല് ഗുണഭോക്താക്കൾക്ക് വീതിച്ച് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 26,625/- രൂപ നൽകിയതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ ഒരു ഗുണഭോക്താവ് മാത്രമേ എഗ്രിമെന്റ് വെച്ചിട്ടുള്ളൂ എന്ന കാര്യം പരിഗണിക്കാതെയാണ് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. മാത്രമല്ല ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കളുണ്ടായിരിക്കേ, ഇവരെക്കൊണ്ട് എഗ്രിമെന്റ് വെയ്പിച്ച് ആനുകൂല്യം നൽകുന്നതിന് പട്ടികജാതി വർക്കിംഗ് ഗ്രൂപ്പോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ശ്രമിച്ചതായി കാണുന്നില്ല. ഇതിനാൽ മൂന്ന് ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യം നഷ്ടപ്പെടുകയുണ്ടായി. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന പട്ടികജാതി ജനവിഭാഗങ്ങളുടെ പുരോഗതിക്കായി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ജാഗ്രതയോടെയുള്ള പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

## 1-22 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

**1. പ്രോജക്ടുകൾ നടപ്പാക്കിയില്ല – ഫണ്ട് നഷ്ടപ്പെടുത്തി**

2018-19 വർഷം ഐ. സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിച്ചതിനാൽ താഴെ വിവരിച്ച പ്രകാരം വിവിധ ഫണ്ടിനങ്ങൾ ലഭ്യമാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|
| 1 | എസ്. 00101/19 ശാരീരിക വൈകല്യം ഉള്ളവർക്ക് പെട്ടിക്കട | വികസന ഫണ്ട് - 60,000 | വികസന ഫണ്ട് - 60,000 |
| 2 | എസ്. 00122/19 ബാലസഭ – ബാല പഞ്ചായത്ത് | വികസന ഫണ്ട് - 25,000 | വികസന ഫണ്ട് - 25,000 |
| 3 | എസ്. 00128/19 വയോജനങ്ങൾക്ക് യോഗ പരിശീലനം | വികസന ഫണ്ട് - എസ്. സി. പി - 36,000 | വികസന ഫണ്ട് - എസ്. സി. പി - 36,000 |
| 4 | എസ്. 00192/19 കമ്പ്യൂട്ടർ വാങ്ങൽ | തനത് ഫണ്ട് - 60,000 | --- |

പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിച്ചതിനാൽ ആയതിനായി വകയിരുത്തിയ മേൽ പ്രകാരമുള്ള ഫണ്ട് നഷ്ടപ്പെട്ടു.

**2. പ്രോജക്ടുകളുടെ ആവർത്തനം –**

2018-19 വർഷം ഐ. സി. ഡി. എസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് ഒരേ സമയം ഐ. സി. ഡി. എസ് സൂപ്പർവൈസറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഐ.സി.ഡി.എസ് സൂപ്പർവൈസർ തയ്യാറാക്കിയ പ്രോജക്ട് | സെക്രട്ടറി തയ്യാറാക്കിയ പ്രോജക്ട് |
|---|---|

| പ്രോജക്ടിന്റെ പേര്, നമ്പർ, വകയിരുത്തിയ തുക, ഫണ്ട് | പ്രോജക്ടിന്റെ പേര്, നമ്പർ, വ കയിരുത്തിയ തുക, ഫണ്ട് |
|---|---|
| എസ്. 00192/19 ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തനത് ഫണ്ട് - 60,000 | എസ്. 00147/19 വി. ഇ. ഒ ഓഫീസിലേക്കും ഐ.സി.ഡി.എസ് ഓഫീസിലേക്കും കമ്പ്യൂട്ടർ വാങ്ങൽ - മെയിന്റനൻസ് ഫണ്ട് - റോഡിതരം - 90,000 |

മേൽ പ്രകാരം പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിച്ചതിനും പ്രോജക്ടുകളിൽ ആവർത്തനം വന്നതിനും വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2018-19 തീയതി 17.7.2020 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ എസ്. 00101/19 - ശാരീരിക വൈകല്യം ഉള്ളവർക്ക് പെട്ടിക്കട , എസ്. 00122/19 - ബാലസഭ – ബാല പഞ്ചായത്ത് എന്നിവ സ്പിൽ ഓവർ ആയി 2019-20 ൽ നടപ്പാക്കി എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾ സ്പിൽ ഓവർ ആയി 2019-20 ൽ നടപ്പാക്കി എങ്കിലും 2018-19 ൽ ഇവയ്ക്കായി വകയിരുത്തിയ തുക നഷ്ടപ്പെട്ടു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗുണഭോക്താക്കളെ ലഭ്യമാവാതിരുന്നതിനാലാണ് എസ്. 00128/19 - വയോജനങ്ങൾക്ക് യോഗ പരിശീലനം എന്ന പ്രോജക്ട് നടപ്പാക്കാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ കണ്ടെത്താതെ ഈ പ്രോജക്ട് രൂപീകരിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ഒരേ സമയം ഐ. സി. ഡി. എസ് സൂപ്പർവൈസറും സെക്രട്ടറിയും പ്രോജക്ട് വെച്ചത് ശരിയായ നടപടിയല്ല. പദ്ധതി രൂപീകരണത്തിലെ ഏകോപനമില്ലായ്മയാണ് ഇത് കാണിക്കുന്നത്. സെക്രട്ടറി കമ്പ്യൂട്ടർ വാങ്ങി നൽകിയതിനാൽ ഐ. സി. ഡി. എസ് സൂപ്പർവൈസർ തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാതെ ഉപേക്ഷിച്ചു. ഈ സാഹചര്യത്തിൽ ഇതിനായി വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുകയും ചെയ്തു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.
കൂടാതെ ശാരീരിക വൈകല്യം ഉള്ളവർക്ക് പെട്ടിക്കട നൽകുന്നതിനായി ICDS സൂപ്പർവൈസറും VEO യും പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും രണ്ടു പ്രോജക്ടുകളും നടപ്പാക്കാത്ത കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരത്തിൽ പ്രോജക്ടുകളിലെ ആവർത്തനം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)**

പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2)**

പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വയോജനങ്ങൾക്ക് ആശ്വാസമഞ്ചം (എസ്.സി) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പ്രോജക്ട് നം. | 191/19 |
| അടങ്കൽ | 3,04,500 |
| ഫണ്ട് | വികസനം (S.C.P) |
| ചെലവ് | 2,91,450/- |
| ബിൽ നം. തി. | 11/19/14.1.2019 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ കട്ടിലുകളുടെ വാങ്ങൽ രീതി സംബന്ധിച്ച് പ്രത്യേകമായി പരാമർശിച്ചിട്ടില്ല. എന്നാൽ കട്ടിലുകൾ വാങ്ങിയിരിക്കുന്നത് ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ടാണ്. ടെണ്ടർ മുഖേന പൊതുമാർക്കറ്റിൽ നിന്ന് വാങ്ങിയിരുന്നെങ്കിൽ കുറഞ്ഞ വിലയ്ക്ക് കട്ടിലുകൾ കിട്ടുമായിരുന്നോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ, പർച്ചേസിംഗ് കമ്മിറ്റിയോ അന്വേഷിക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. സിഡ്കോയുമായി പർച്ചേസിംഗ് കമ്മിറ്റി നെഗോസിയേഷൻ നടത്തിയെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ച പരമാവധി വിലയായ 4,350/- രൂപയാണ് ഒരു കട്ടിലിന് നൽകിയിരിക്കുന്നത്.
2. സിഡ്കോയിൽ നിന്ന് 65 കട്ടിലുകൾ വാങ്ങിയതായി ബില്ലിൽ

രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ 63 കട്ടിലുകൾ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കിവരുന്ന രണ്ട് കട്ടിലുകൾ വിതരണം ചെയ്തത് സംബന്ധിച്ച് വ്യക്തതയില്ല. മാത്രമല്ല കട്ടിലുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. 65 കട്ടിലുകൾക്ക് 4,350/- രൂപ പ്രകാരം ആകെ ചെലവ് 2,82,750/- രൂപ മാത്രമായിരിക്കണം. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റിൽ 2,91,450/- രൂപ ചെലവഴിച്ചതായി കാണുന്നു. 8,700/- അധികം ചെലവഴിച്ചത് തിരിച്ചടക്കേണ്ടതാണ്.
4. ആനുകൂല്യം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീതി, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/18-19/21.7.2020) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവായ തുകയിൽ നിരാകരിച്ച 8700/- രൂപ കഴിച്ച് 2,82,750/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 2.8.2019 മുതൽ 3.8.2019 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/887/ 2019(58) തീയതി. 21.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | ഹരിതകേദാരം | 150000 | 100000 | സ്പിൽ ഓവർ |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ഹരിതകേദാരം | 85000 | 65000 | സ്പിൽ ഓവർ |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ജനറൽ | 1000000 | - | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് എസ്.സി | 209962 | 790038 | തുടരുന്നു |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | അനുപൂരക പോഷകാഹാരം | 200000 | - | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | സ്കോളർഷിപ്പ് | 300000 | 50000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 885600 | ശ്മശാനം ആധുനിക വൽക്കരണം | 487960 | 397640 | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ജനറൽ | 300000 | - | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | - | |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | കാലിത്തീറ്റ സബ്സിഡി | 150000 | - | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 998744 | ലൈഫ് ജനറൽ | 998744 | - | |
| | | 190038 | ലൈഫ് എസ്.സി | 190038 | - | |

വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 23,01,977 രൂപ നീക്കിയിരിപ്പ് ഉണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 15463 രൂപയും നീക്കിയിരിപ്പ് ഉണ്ട്. വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകൾ ഈ പട്ടികയുമായി പൊരുത്തപ്പെടുന്നില്ല. ഈ പട്ടികയിൽ പരാമർശിച്ചവയിൽ മുൻവർഷത്തെ ഉൾപ്പെടെ ചെലവഴിക്കാതെ ശേഷിക്കുന്ന തുകകളുണ്ടെങ്കിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികളിൽ കുടിവെള്ളം | 21701045 | 300000 | 300000 | 0 |
| | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | 21701222 | 1000000 | 1000000 | 0 |
| | അങ്കണവാടികളിൽ കുടിവെള്ളം | 21701225 | 170000 | 170000 | 0 |
| | അങ്കണവാടികളിൽ കുടിവെള്ളം | 21701226 | 130000 | 130000 | 0 |
| കെ.വൈ. | വള്ളിക്കാട്ട്കാവ് | 21701277 | 600000 | 600000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.പി | കനാൽ റോഡ് റിപ്പയർ | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | സാമ്പത്തിക വർഷം | തൻ വർഷം വായ്പ എടുത്ത തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ. എം. എസ്. ഭവന പദ്ധതി | 533/എൽ.എസ്. ജി.ഡി/18.2.2010 | 2010-11 | ഇല്ല | 5,49,150 | 5,49,150 | 127892 | ഇല്ല |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21,23,411 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 1,73,444 |
| ആകെ | 22,96,855 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22,96,855 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക് | 15,46,454 | |
| 2 | കെ. ഡി. സി ബാങ്ക് | 7,50,401 | |
| ആകെ | | 22,96,855 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 61,548/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-2(1) | 50,000 | ശ്രീ. വേലായുധൻ | 118080107654- 28.2.2019 |
| 2016-17 | 3-5 | 3,208 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 118080500043 - 15.12.2018 |
| 2017-18 | 3-2 | 6,000 | ശ്രീമതി.സിബിന | 118080108840 - 28.3.2019 |
| 2017-18 | 2-3 | 2,340 | ശ്രീ.എം.കെ.രാജേഷ് | 118080108973- 31.3.2019 |

## **4-8** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-2001 | 9 | 2003-04 പൊതു പരാമർശം | 11-13-1(25) | പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 പൊതു പരാമർശം | 11-13-1(26) | അലങ്കാരപ്പൂച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 1999-2000 | 29 | 2003-04 പൊതു പരാമർശം | 11-13-6-2 | കാർഷിക യന്ത്രവൽകരണം |
| 1999-2000 | | 2003-04 മറ്റ് പരാമർശം | 11-14 | ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് |
| 1998-99 ഡി.സി.ബി | | 2004-05 പൊതു പരാമർശം | 11-1-3-9 | നികുതി പിരിവിൽ അലംഭാവം |
| | | 2011-12 | 3-2-7 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-2-9 | കണക്റ്റിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പണികളുടെ നടത്തിപ്പ് |

| | | | | |
|---|---|---|---|---|
| | | | | |
| | | 2011-12 | 3-2-20-10 | എൻജിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 അവലോകനം | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 അവലോകനം | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | 1-11-14 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,52,14,215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,94,57,552 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,82,750 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8700 | കെ.ഹരിഹരൻ<br>അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,82,750 | ശ്രീ.കെ.ഹരിഹരൻ, അസി. സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ. ഹരിഹരൻ, അസി.സെക്രട്ടറി | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | ചിരാത്ത് വീട്, താനോന പൊയിൽ ചേവായൂർ.പി.ഒ കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.2/1271/94 തി. 31.3.95 | 29 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(7) തി. 11.11.11 | 29,32,33 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(8) തി. 11.11.11 | 1എ, 2-1, 2-2, 2-3, 3-1, 4-1, 4-4 |

| | | |
|---|---|---|
| | | |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(9) തി. 11.11.11 | 7,9,11,14 |
| 2001-02 ( ചെലവ് ) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(10) തി. 11.11.11 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(11) തി. 11.11.11 | 1-1,3-1, |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(13) തി. 11.11.11 | 3-4,3-6, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി2/ 1634/08 തി. 13.01.09 | 3-1,3-4,3-6-1, 3-6-2, 3-10, 3-11, 3-12, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി2/ 1241/09 തി. 15.10.09 | 3-6, 3-13, 3-15, 3-16, 3-18 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി2/ 1322/10 തി. 20.12.10 | 3-3, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 4-3 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി2/ 1322/10 തി. 20.12.10 | 2-1, 2-3, 2-5-(2), (3),(4),(5), 2-6, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30- 3, 3-31-(1) (3)(4), 4-3, |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി2/ 1653/11 തി. 12.01.12 | 2-1-4, 2-1-5, 2-1-6, 2-1-7, 2-1-8, 2-2-1, 2-5, 2-6, 2-7, 1, 2-7-2, 2-7-3, 2-12, 3-5, 3-6, 3-8, 3-9, 3-10-1, 3-10-2, 3-10-3, 3-11, 3-12, 3-13, 3-15-1, 3-15-2, 3-15-3, 3-16, 3-18, 3-20, 3-22, 3-23, 3-24, 3-25, 3-26, |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി2/ 1536/12 തി. 10.6.13 | 2-1-4, 2-2, 2-4-1, 2-4-2, 2-4-3, 3-1-1, 3-1-2, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി2/ 246/13 തി. 20.7.13 | 2-2-1, 2-2-2, 2-2-3, 2-3-2, 2-4-1-2, 2-5, 2-6-1, 2-6-3, 2-6-4, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/ 2044/14 തി. 4.3.15 | 1-2, 1-3, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 4-1-1, 4-1-2, |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി പി12/ 1656/15 തി. 27-10-15 | 2-1, 2-2, 2-3-1, 2-3-2, 2-3-3, 2-3-4, 3-1, 3-2, 3-3, 3-5, 3-9, 3-10 3-11, 3-12, |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 2301/16 തി. 12-10-17 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-5, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 58/18 തി. 21/3/18 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12 1369/19 തി. 2/9/19 | 1-12, 2-1, 2-2, 2-3, 3-1, 3-4, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി4/790/2020 തീയതി:17.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ്

അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.